## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2180** **23.3.2012-ൽ മറുപടിക്ക്**

**മാലിന്യനിർമ്മാർജ്ജന സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഫ്ളാറ്റ് നിർമ്മാണത്തിനുള്ള അനുവാദം നൽകുമ്പോൾ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഉറപ്പുവരുത്തിയിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | എ) ഫ്ളാറ്റ് നിർമ്മാണ സമയത്ത് ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടത് ബിൽഡിംഗ് റൂൾ പ്രകാരവും, കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരവും ആയിരിക്കണം. 2011 ൽ കേരള മുനിസിപ്പാലിറ്റി ആക്ടിൽ വരുത്തിയ നിയമ ഭേദഗതിയുടെ ഭാഗമായി നിലവിൽ വന്നിട്ടുള്ള ഓർഡിനൻസ് പ്രകാരം ഫ്ളാറ്റുകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം നിർബന്ധമാക്കിക്കൊണ്ട് ഭേദഗതി വരുത്തിയിട്ടുണ്ട്. നിയമഭേദഗതി വരുത്തിയ ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു. |
| ബി) മാലിന്യനിർമ്മാർജ്ജന വ്യവസ്ഥ ലംഘിച്ചിട്ടുള്ള ഏതെങ്കിലും ഫ്ളാറ്റുടമകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) & സി) മാലിന്യ നിർമ്മാർജ്ജന വ്യവസ്ഥ പാലിക്കാത്ത നിലവിലുള്ള ഫ്ളാറ്റുകൾക്കെതിരെ വേണ്ട ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. അവർ നടപടി എടുത്തതായി വിവരങ്ങൾ ലഭിച്ചിട്ടില്ല |
| സി) എങ്കിൽ അതു വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

